**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – പത്തനംതിട്ട ജില്ല – അവിട്ടം ജലോത്സവം - റാന്നി/പഴവങ്ങാടി ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം.2660 /2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 09.09.2016

---

പരാമർശം:- 1. ശ്രീ. രാജു എബ്രഹാം എം.എൽ.എയുടെ കത്ത്.
2. സ.ഉ.(എം.എസ്)58/06/തസ്വഭവ തീയതി 16.02.2006.

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിലെ റാന്നി അവിട്ടം ജലോത്സവം നടത്തിപ്പിലേക്ക് റാന്നി ഗ്രാമപഞ്ചായത്തിൽ നിന്നും 15,000/- രൂപയും പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ നിന്നും 10,000/- രൂപയും ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതിയാണ് പരാമർശ കത്തുപ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ റാന്നി അവിട്ടം ജലോത്സവത്തിനായി റാന്നി ഗ്രാമപഞ്ചായത്തിൽ നിന്നും 15,000/- (പതിനയ്യായിരം രൂപ മാത്രം) രൂപയും റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ നിന്നും 10,000/- (പതിനായിരം രൂപ മാത്രം) രൂപയും കമ്മിറ്റി തീരുമാനത്തിനും പരാമർശം രണ്ടിലെ ഉത്തരവിനും വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ,
ഡെപ്യൂട്ടി സെക്രട്ടറി.

പ്രസിഡന്റ്/സെക്രട്ടറി, റാന്നി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പ്രസിഡന്റ്/സെക്രട്ടറി, പഴവങ്ങാടി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

***ഉത്തരവിൻ പ്രകാരം,***

Liya

***സെക്ഷൻ ഓഫീസർ.***